**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 601** | **08-10-2024 - ൽ മറുപടിയ്ക്ക്**

**ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി ദെലീമ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രസർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭ്യമായിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കുന്നതിനായി 2014 മുതൽ സ്റ്റേറ്റ് ബിസിനസ്സ് റീഫോംസ് ആക്ഷൻ പ്ലാൻ (SBRAP) പുറത്തിറക്കുന്നുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നത് വഴി ബിസിനസ്സ് അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ഈ നടപടിക്രമത്തിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഈ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനത്തിൽ, വിലയിരുത്തപ്പെടുകയും, റാങ്ക് ചെയ്യപ്പെടുകയും ചെയ്യുന്നു. സംസ്ഥാനത്തിൻറെ ബിസിനസ്സ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ പദ്ധതികൾ ആരംഭിച്ചുകൊണ്ട് കേരള സർക്കാർ ഈ ഉദ്യമത്തിൽ 2014 മുതൽ സജീവമായി പങ്കെടുത്തു വരുന്നു.<br><br>സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്നു. ഈ പരിഷ്കാരങ്ങളിൽ 261 എണ്ണം ബിസിനസ്സ് കേന്ദ്രീകൃതവും ബാക്കി 91 എണ്ണം പൗരകേന്ദ്രീകൃതവുമായിരുന്നു. മേൽ പറഞ്ഞ 30 പരിഷ്കരണ മേഖലകളിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ പുരസ്കാരം നേടിയാണ്, സംസ്ഥാനം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പട്ടികയിൽ മികച്ച നേട്ടം സ്വന്തമാക്കിയത്. |

| | | | |
|---|---|---|---|
| | | | വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെയും സംസ്ഥാനങ്ങളുടെ പ്രകടനത്തെയും ആധാരമാക്കി നാല് വിഭാഗങ്ങളായി തിരിച്ചാണ് സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ 2022-ലെ വിലയിരുത്തൽ നടത്തിയത്. നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത എക്സ്സർസൈസിൽ ടോപ്പ് അച്ചീവറെ തിരഞ്ഞെടുക്കുന്നത്. ഒട്ടാകെ 30 മേഖലകളിലായി നടത്തിയ വിലയിരുത്തലിൽ, 9 മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോറോടുകൂടി ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച്, കേരളം പട്ടികയിൽ ഒന്നാമത് എത്തി.<br><br>ഏകജാലക സംവിധാനം, യൂട്ടിലിറ്റി അനുമതികൾ, റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിലെ കാര്യക്ഷമത, ഗതാഗത സൗകര്യങ്ങൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനം, നികുതി സംവിധാനത്തിലെ കാര്യക്ഷമത തുടങ്ങിയ മേഖലകളിൽ സംസ്ഥാനം നടപ്പിൽ വരുത്തിയ മികച്ച പരിഷ്കരണങ്ങളാണ് സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022 പതിപ്പിൽ വിലയിരുത്തപ്പെട്ടതും സംസ്ഥാനത്തിന് അംഗീകാരം ലഭിച്ചതും. |
| (ബി) | ഇത്തരത്തിൽ മികച്ച നേട്ടം സ്വന്തമാക്കുന്നതിനായി ഈ മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വിവിധ നിയമ നിർമ്മാണങ്ങളും, നിയമഭേദഗതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും, അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതാതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്.<br><br>ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന |

കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്ന് വർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ചു കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. മേൽപറഞ്ഞ നിയമ പരിഷ്കരണങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ട് വരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കും നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും ആവശ്യമായ വിവിധ അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട ഓൺലൈൻ ഏകജാലക സംവിധാനം, വിവിധ സ്ഥാപനങ്ങളിലായി ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധന നടപടിക്രമങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ കേന്ദ്രീകൃത പരിശോധന സംവിധാനം, വ്യവസായങ്ങൾ ആരംഭിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും ആയി ബന്ധപ്പെട്ട്, കാലഹരണപ്പെട്ടതും യുക്തിരഹിവുമായ വ്യവസ്ഥകളുടെ പരിഷ്കരണം എന്നിങ്ങനെ ഒട്ടനവധി പരിഷ്കരണങ്ങളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ടോപ്പ് അച്ചീവർ വിഭാഗത്തിലെത്തിയ 9 മേഖലകളിൽ സംസ്ഥാനം നടപ്പിലാക്കിയ പ്രധാന പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1.വ്യാപാരി വ്യവസായികൾക്കും, പൗരന്മാർക്കും പുതിയ വൈദ്യുതി കണക്ഷൻ നേടിയെടുക്കുന്നതിനായി കെഎസ്ഇബി ഓൺലൈൻ സംവിധാനം ഒരുക്കി. അതുവഴി ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ ഉപഭോക്താക്കൾക്ക് കെഎസ്ഇബിയുടെ സേവനങ്ങൾ നേടിയെടുക്കാനാവുന്നതാണ്.

2.പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സമർപ്പിക്കേണ്ട നിർബന്ധിത രേഖകളുടെ എണ്ണം തിരിച്ചറിയൽ രേഖയും, ഉടമസ്ഥതത തെളിയിക്കാനുള്ള രേഖ എന്നിങ്ങനെ രണ്ട് രേഖകൾ മാത്രമായി കുറച്ചു.

3.ഉപഭോക്തൃ അറിവിലേക്കായി ഓരോ സെക്ഷനിലെയും വൈദ്യുതി മുടക്കങ്ങളുടെ ആകെ

ദൈർഘ്യവും, ആവൃത്തിയും സംബന്ധിച്ച വിവരങ്ങൾ മുൻകൂറായി പൊതു ഡൊമെയ്നിൽ പ്രസിദ്ധീകരിക്കുന്നു. ഇതുവഴി വ്യവസായങ്ങൾക്ക് അവരുടെ ഉൽപ്പാദന സമയം ആസൂത്രണം ചെയ്യാൻ കഴിയുന്നതാണ്.

4.നിലവിലുള്ള താരിഫിനെ കുറിച്ചുള്ള വിവരങ്ങൾ കെഎസ്ഇബി പ്രസിദ്ധീകരിച്ചു. കൂടാതെ ബില്ലിംഗ് സൈക്കിളിന് മുമ്പായി താരിഫിലെ മാറ്റത്തെക്കുറിച്ച് ഉപഭോക്താക്കളെ ബോധവാൻമാരാക്കുന്നു. അതിനാവശ്യമായ പരിഷ്കരണങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5.കെഎസ്ഇബി പുതിയ വൈദ്യുതി കണക്ഷൻ നല്കുന്നതിന് എടുക്കുന്ന ദിവസങ്ങളുടെ എണ്ണം 7 ദിവസമാക്കി കുറച്ചു. അപേക്ഷാ പരിശോധനകളിലും, പ്രക്രിയകളിലും വകുപ്പിന്റെ കാര്യക്ഷമതയും, സുതാര്യതയും കാണിക്കുന്നതിനായി ഒരു ഡാഷ്ബോർഡ് KSEB പ്രസിദ്ധീകരിച്ചു.

6.വൈദ്യുതി ബില്ലുകളുടെ ഇ-പേയ്മെൻ്റിനായി ഒരു ഓൺലൈൻ സംവിധാനം അവതരിപ്പിച്ചു.

7.വാണിജ്യ, പൗര ഉപഭോക്താക്കൾക്ക് പുതിയ വാട്ടർ കണക്ഷൻ നേടുന്നതിനായി Kerala Water Authority (KWA) ഓൺലൈൻ സംവിധാനം ഒരുക്കി. അതുവഴി ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ ഉപഭോക്താക്കൾക്ക് വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ നേടിയെടുക്കാനാവുന്നതാണ്.

8. KWA-യുടെ നിലവിലുള്ള താരിഫുകളെ കുറിച്ചുള്ള വിവരങ്ങൾ ഓൺലൈനിൽ കൃത്യമായി പ്രസിദ്ധീകരിക്കാനുള്ള സംവിധാനം ഒരുക്കി. കൂടാതെ ബില്ലിംഗ് സൈക്കിളിന് മുമ്പായി താരിഫിലെ മാറ്റത്തെക്കുറിച്ച് ഉപഭോക്താക്കളെ ബോധവാൻമാരാക്കു ന്നതിനാവശ്യമായ പരിഷ്കരണങ്ങളും നടപ്പിൽ വരുത്തി.

9. വാട്ടർ ബില്ലുകളുടെ ഇ-പേയ്മെന്റിനായി ഒരു ഓൺലൈൻ സംവിധാനം അവതരിപ്പിച്ചു.

10. നികുതിദായകരെ ഇ-റിട്ടേൺ ഫയൽ ചെയ്യുന്നതിന് സഹായിക്കുന്നതിനായി ജി.എസ്.റ്റി വകുപ്പിന്റെ കീഴിൽ സേവന കേന്ദ്രങ്ങൾ സജ്ജീകരിച്ചു. ജി.എസ്.റ്റി വകുപ്പ് റിട്ടേണുകൾ തയ്യാറാക്കുന്നതിലും ഫയൽ ചെയ്യുന്നതിലും ഉപഭോക്താക്കളെ സഹായിക്കുന്നതിനായി അടിസ്ഥാന സേവനങ്ങൾ നൽകുന്ന ഒരു ഹെൽപ്പ് ലൈനും ഒരുക്കിയിട്ടുണ്ട്.

11. എസ്.ജി.എസ്.റ്റി കീഴിലുള്ള മുൻകൂർ റൂളിംഗിനായി കേരള അതോറിറ്റിയും അപ്പീൽ അതോറിറ്റിയും രൂപീകരിച്ചു.

12. പ്രൊഫഷണൽ ടാക്സ് ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഒരു സംവിധാനം സംസ്ഥാനം അവതരിപ്പിച്ചു, ഒരു ദിവസത്തിനുള്ളിൽ നികുതി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

13. പൗരകേന്ദ്രീകൃതമായ എല്ലാ സർക്കാർ സേവനങ്ങളും ഒരൊറ്റ പോർട്ടലിനു കീഴിൽ പൗരന്മാരിലേക്ക് എത്തിക്കുന്നതിനുള്ള ഏകജാലക സംവിധാനമെന്ന നിലയിൽ കേരള ഐടി മിഷൻ 'ഇ-സേവനം' പോർട്ടൽ അവതരിപ്പിച്ചു. ഈ പോർട്ടലിൽ നിലവിൽ 938 സർക്കാർ സേവനങ്ങൾ ലഭ്യമാണ്.

14. സർക്കാരിന് കീഴിലുള്ള സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി സേവന അവകാശ നിയമങ്ങൾ എല്ലാ വകുപ്പുകളിലും നടപ്പിൽ വരുത്തി.

15. ആപ്ലിക്കേഷൻ പ്രോസസ്സിംഗിലും അപേക്ഷയുടെ വേഗത്തിലുള്ള തീർപ്പാക്കലിലും എല്ലാ വകുപ്പുകളുടെയും പ്രകടനം പ്രസിദ്ധീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി കേരളം ഡാഷ്ബോർഡ് കേരള പോർട്ടലിൽ അവതരിപ്പിച്ചു.

16. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരളത്തിൽ ജനന-മരണ രജിസ്ട്രേഷനായി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്, അതിൽ പൗരന്മാർക്ക് വകുപ്പ് സന്ദർശിക്കാതെ തന്നെ സേവനങ്ങൾ ലഭ്യമാക്കുകയും, സേവനാവകാശ നിയമത്തിന്റെ പരിധിയിൽ സേവനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു.

17. വരുമാനം, ജാതി, താമസ സർട്ടിഫിക്കറ്റ് എന്നീ സേവനങ്ങൾക്കായി റവന്യൂ വകുപ്പ് ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ പൗരന്മാർക്ക് ബന്ധപ്പെട്ട സർക്കാർ ഓഫീസ് സന്ദർശിക്കാതെ തന്നെ സേവനങ്ങൾ ലഭ്യമാക്കുകയും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ സേവനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു.

18. ഡിപ്പാർട്ട്മെന്റ് സന്ദർശിക്കാതെ തന്നെ ഉപഭോക്താക്കൾക്ക് റേഷൻ കാർഡുകൾ പൂർണ്ണമായും ഓൺലൈനായി ലഭ്യമാക്കുന്നതിനായി ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ട്.

19. കേന്ദ്ര സർക്കാരിന്റെ സാരഥി പരിവാഹൻ പോർട്ടലിലൂടെ, ഡ്രൈവിംഗ് ലൈസൻസ് പോലുള്ള പൗര സേവനങ്ങൾ നേടുന്നതിന് കേരളത്തിലെ മോട്ടോർ വാഹന വകുപ്പ് സൗകര്യമൊരുക്കി.

20. എംപ്ലോയ്മെന്റ് രജിസ്ട്രേഷനും പുതുക്കലിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ (എംപ്ലോയ്മെൻറ് ഡയറക്ടറേറ്റ്) ഓൺലൈൻ സംവിധാനം നിലവിൽ വന്നു. ഇവിടെ ഉപഭോക്താക്കൾക്ക് വകുപ്പ് സന്ദർശിക്കാതെ തന്നെ എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈനായി നേടാനും സേവനാവകാശ നിയമപ്രകാരം സേവനം ഉൾപ്പെടുത്താനും കഴിയും.

സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള വ്യവസായ നയം, 2023 സ.ഉ (കൈ) നം 28/2023/ID തീയതി 01/04/2023 പ്രകാരം സർക്കാർ അംഗീകരിച്ച ഉത്തരവായിട്ടുണ്ട്.

കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു.

ഇത്തരം നിരവധി പ്രവർത്തനങ്ങളുടെ സംയോജിത ഫലമായാണ്, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കാനായത്.

| | | | |
|---|---|---|---|
| (സി) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ മൂലം നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് ഗതിവേഗം കൂട്ടുന്ന സാഹചര്യം ഉണ്ടാകുമോ; വിശദമാക്കുമോ? | (സി) | സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അനുമതികൾ എളുപ്പത്തിലും, സുതാര്യമായും, സമയബന്ധിതമായും ലഭ്യമാക്കുന്നതിനും, അതുവഴി കൂടുതൽ സംരംഭങ്ങൾക്ക് സംസ്ഥാനത്തിൽ വ്യവസായം ആരംഭിക്കാനുതകുന്ന ഒരു അന്തരീക്ഷം കെട്ടിപ്പടുക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ സംയോജിത ഫലമായാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കാനായത്. ഈ നേട്ടത്തെ കൃത്യമായി ഉപയോഗപ്പെടുത്താൻ സംസ്ഥാനത്തിന് സാധിച്ചാൽ, കേരളത്തിലേക്കുള്ള നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് ഗതിവേഗം കൂട്ടുന്ന സാഹചര്യം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ